# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഏഴ്

## രാജാവിന്റെ പൂർവകരും പദവിയും

(7)

Sat ഇപ്പോൾ നാം മത്തായി രണ്ടാം അധ്യായത്തിലേക്കു വരുന്നു. കഴിഞ്ഞ ദൂതുകളിൽ നാം ക്രിസ്തുവിന്റെ വംശാവലിയെയും ക്രിസ്തുവിന്റെ ജനനത്തെയും സംബന്ധിച്ച് ചിന്തിച്ചിരുന്നു. ഈ ദൂതിൽ ക്രിസ്തുവിന്റെ ചെറുപ്പകാലത്തെക്കുറിച്ച് നമുക്കു ചിന്തിക്കാം.

## III. അവന്റെ യൗവനം

### A. മത്തായിയിലും ലൂക്കൊസിലുമുള്ള ക്രിസ്തുവിന്റെ യൗവന കാലത്തിന്റെ വിവരണം

നാലു സുവിശേഷങ്ങൾക്ക് നാം ശ്രദ്ധ നൽകുമെങ്കിൽ, ക്രിസ്തുവിന്റെ ചെറുപ്പകാലത്തെക്കുറിച്ച് യോഹന്നാനിലും മർക്കൊസിലും യാതൊരു വിവരണവുമില്ലെന്ന് നാം കാണും. ക്രിസ്തു ദൈവമാണെന്ന് യോഹന്നാൻ പറയുന്നു. ദൈവത്തോടുള്ള ബന്ധത്തിൽ യുവത്വമോ വാർധക്യമോ ഇല്ല. ദൈവം പുരാതനനാണെങ്കിലും മാറ്റമില്ലാത്തവനാണ്. അങ്ങനെ, ദൈവത്തോടുള്ള ബന്ധത്തിൽ യുവത്വത്തിന്റെ പ്രശ്നമില്ല. മർക്കൊസിൽ ക്രിസ്തുവിനെ ഒരു അടിമയായി വെളിപ്പെടുത്തിയിരിക്കുന്നു. ഒരു അടിമയുടെ യുവത്വത്തെക്കുറിച്ച് ആരും ശ്രദ്ധിക്കുന്നില്ല. മറിച്ച്, ലൂക്കൊസും മത്തായിയും ക്രിസ്തുവിന്റെ യൗവനകാലത്തെ രേഖപ്പെടുത്തുന്നു. എങ്കിലും, വംശാവലികളുടെ കാര്യത്തിലെന്നപോലെ ക്രിസ്തുവിന്റെ യൗവനകാലത്തെ സംബന്ധിച്ച രണ്ടു രേഖകൾ തമ്മിൽ ഒരു വ്യത്യാസമുണ്ട്.

#### 1. ലൂക്കൊസിന്റെ രേഖ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ തെളിയിക്കുന്നു

ക്രിസ്തു ഒരു തികഞ്ഞ മനുഷ്യനാണെന്ന് ലൂക്കൊസിന്റെ

സുവിശേഷം തെളിയിക്കുന്നു. തന്മൂലം, ലൂക്കൊസിന്റെ രേഖ യേശുവിന്റെ മനുഷ്യത്വത്തെ സാക്ഷ്യപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യുന്നു (ലൂക്കൊ. 2:21-52). ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ യൗവനകാലത്തിലെ കാര്യങ്ങൾ കാണിക്കുന്നത് യേശു ഒരു ശരിയായ, സാധാരണ മനുഷ്യനായിരുന്നു എന്നാണ്. യെഹൂദ ന്യായപ്രമാണമനുസരിച്ച് യേശു എട്ടാം ദിവസം പരിച്ഛേദന ഏറ്റിരുന്നു (ലൂക്കൊ. 2:21). കൂടാതെ, ഒന്നാം ദിവസമല്ല, യെഹൂദ ആചാരപ്രകാരം എട്ടാം ദിവസം അവന് യേശു എന്നു പേരിട്ടു. അവനെ ദൈവത്തിനായി ഒരു ജോടി കുറുപ്രാവിന്റെയോ രണ്ട് ഇളംപ്രാവുകളുടെയോ യാഗത്തോടുകൂടെയോ അർപ്പിച്ചു (ലൂക്കൊ. 2:22-24). മറിയയ്ക്കും യോസേഫിനും ഒരു ചെറിയ യാഗവസ്തു മാത്രമേ അർപ്പിക്കുവാൻ കഴിഞ്ഞുള്ളൂ എന്ന വസ്തുത കാണിക്കുന്നത് അവർ ദരിദ്രരായിരുന്നു എന്നാണ്. എന്നിരുന്നാലും അവർ ന്യായപ്രമാണത്തിന്റെ ആവശ്യകത നിറവേറ്റി. കൂടാതെ, ഓരോ വർഷവും പെസഹാ വിരുന്നിന്റെ സമയത്ത് യേശുവിനെ യെരൂശലേമിലേക്ക് കൊണ്ടുവന്നിരുന്നു (ലൂക്കൊ. 2.41). ഇതും യിസ്രായേല്യരായ എല്ലാ ആണുങ്ങളും വർഷത്തിൽ മൂന്നു പ്രാവശ്യം വിരുന്നുകളിൽ സംബന്ധിക്കണമെന്ന ന്യായപ്രമാണമനുസരിച്ചുള്ള ആവശ്യകത ആയിരുന്നു. യേശുവിന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവനെ വിരുന്നിനു കൊണ്ടുപോയി എന്ന് ലൂക്കൊസ് പ്രത്യേകം കുറിക്കുന്നു (ലൂക്കൊ. 2:42). യേശു ശാരീരികമായി വളർന്നുവെന്നും, അവന്റെ ആത്മാവിൽ അവൻ ബലമുള്ളവനായിത്തീർന്നുവെന്നും, അവൻ ദൈവത്തോടും മനുഷ്യനോടും പ്രീതി കണ്ടെത്തിയെന്നും ലൂക്കൊസ് രേഖപ്പെടുത്തുന്നു (ലൂക്കൊ. 2:40, 52). ലൂക്കൊസ് രേഖപ്പെടുത്തിയ ഈ എല്ലാ കാര്യങ്ങളും വിശദീകരിക്കുന്നത് യേശു ഒരു ശരിയായ മനുഷ്യനായിരുന്നു എന്നാണ്.

## *2. മത്തായിയുടെ വിവരണം ക്രിസ്തുവിന്റെ രാജത്വത്തെ തെളിയിക്കുന്നു*

പൈതലായ യേശു ദൈവജനത്തിന്റെ രാജാവായിരുന്നുവെന്ന് മത്തായിയുടെ രേഖ വ്യക്തമായി കാണിക്കുന്നു (2:1-23). ഇക്കാര്യം ലൂക്കൊസ് ഉൾപ്പെടുത്തിയില്ല, എന്നാൽ ലൂക്കൊസ് വിവരിച്ച എല്ലാ കാര്യങ്ങളെയും അവഗണിച്ചുകൊണ്ട് മത്തായി അതിൽ തങ്ങുന്നു. വേദപുസ്തകത്തിന് ഒരു ഉദ്ദേശ്യമുണ്ടെന്ന് ഇതിലൂടെ നാം കാണുന്നു: ലൂക്കൊസിൽ യേശു ഒരു മനുഷ്യനായിരുന്നു എന്നു തെളിയിക്കുന്നു: മത്തായിയിൽ യേശു ഒരു രാജകീയ ശിശുവാണെന്നു കാണിക്കുന്നു. യേശു എപ്രകാരം ഇങ്ങനെയുള്ള ഒരു രാജകീയ ശിശു ആയിരുന്നുവെന്നു കാണുവാൻ നമുക്കിനി മത്തായിയുടെ വിവരണം നോക്കാം.

കറുപ്പും വെളുപ്പുമായ അക്ഷരങ്ങളിലൂടെ മാത്രം വേദപുസ്തകത്തെ മനസ്സിലാക്കുവാൻ നാം ശ്രമിക്കരുത്. നാം അതിലേക്കു പ്രവേശിക്കുകയും ജീവന്റേതായ ചിലത് കണ്ടെത്തുകയും വേണം. പഴയനിയമത്തിൽ ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങൾ ഉണ്ടായിരുന്നുവെന്നും ദൈവജനം അവന്റെ വരവിനായി കാത്തിരിക്കുകയായിരുന്നുവെന്നും മത്തായി 1 നമ്മോടു പറയുന്നു. മത്തായി 1-ൽ യേശു വന്നു. ക്രിസ്തു മനുഷ്യവർഗത്തിലേക്ക് കൊണ്ടുവരപ്പെട്ടു; അവൻ ഭൂമിയിൽ പ്രത്യക്ഷനായി. രണ്ടാം അധ്യായം ക്രിസ്തുവിനെ കണ്ടെത്തുവാനുള്ള മാർഗത്തെ കാണിച്ചുകൊണ്ട് തുടരുന്നു. അവന്റെ വരവ് പ്രവചിക്കപ്പെട്ടതായിരുന്നു, അവൻ വന്നിരിക്കുന്നു, അവൻ ഇവിടെ ഉണ്ട്. എങ്കിലും, അവനെ എങ്ങനെ കണ്ടെത്താമെന്ന പ്രശ്നമുണ്ട്.

*a. ജാതീയരായ മനുഷ്യരാൽ ബെത്ലഹേമിൽ കണ്ടെത്തി*

യേശു എന്ന മിശിഹ വന്നിരിക്കുന്നുവെന്ന് മത്തായി 1 വെളിപ്പെടുത്തുന്നു. അക്കാലത്ത് നിങ്ങൾ ഒരു യിസ്രായേല്യനായിരുന്നെങ്കിൽ, നിങ്ങൾ പറയുമായിരുന്നു, "യേശു വന്നിരിക്കുന്നുവെന്ന് നിങ്ങൾ പറയുന്നു, എന്നാൽ ഞാൻ അവനെ എങ്ങനെ കണ്ടെത്തും?" യേശുവിനെ കണ്ടെത്തുക എന്ന വിഷയത്തിന് നാം അല്ല പ്രാരംഭം കുറിച്ചത് എന്നതിനായി കർത്താവിന് സ്തോത്രം; അത് ദൈവം പ്രാരംഭം കുറിച്ചതായിരുന്നു.

ആ സമത്തെ പശ്ചാത്തലം നോക്കുക. യേശുവിന്റെ ജനനസമയത്ത്, യെഹൂദമതം എന്നൊരു മതം ഉണ്ടായിരുന്നു. അത് പഴയനിയമത്തിലെ മുപ്പത്തൊമ്പത് പുസ്തകങ്ങൾക്കനുസൃതമായി രൂപപ്പെടുത്തിയതും സംഘടിപ്പിക്കപ്പെട്ടതും സംരചിക്കപ്പെട്ടതുമായ മൗലികമായ, ഊനമില്ലാത്ത, തിരുവെഴുത്തിൻ പ്രകാരമുള്ള മതമായിരുന്നു. യെഹൂദമതം വളരെയധികം വേദപുസ്തകത്തിനുവേണ്ടി ആയിരുന്നുവെന്ന് മത്തായി 2-ലെ വിവരണത്തിലൂടെ നാം കാണുന്നു. എങ്കിലും, ആ മതത്തിലുള്ള ആരുംതന്നെ ക്രിസ്തു വന്നിരിക്കുന്നു എന്ന് അറിഞ്ഞില്ല. ഈ മതപരമായ ആളുകളിൽ ചിലർ ക്രിസ്തുവിനെ കണ്ടെത്തുവാൻ പോയതായി പുതിയനിയമത്തിൽ യാതൊരു രേഖയും നാം കാണുന്നില്ല. മറിച്ച്, വിദ്വാന്മാരായ ജാതീയരായ ചില ആളുകൾ അവനെ കണ്ടെത്തുവാൻ വന്നു (2:1-12) എന്ന ഒരു രേഖയുണ്ട്. തീർച്ചയായും ഇത് അവരാലല്ല, ദൈവം പ്രാരംഭം കുറിച്ചതായിരുന്നു.

(1) സ്വർഗീയ ദർശനം എന്ന നക്ഷത്രത്താൽ നയിക്കപ്പെട്ടു

വിദ്വാന്മാരെ നയിക്കുവാൻ ദൈവം അവർക്ക് തിങ്ങുന്ന ഒരു നക്ഷത്രത്തെ കൊടുത്തു (2:2). ഈ നക്ഷത്രം വിശുദ്ധദേശത്ത്

പ്രത്യക്ഷപ്പെട്ടില്ല. അത് വളരെയേറെ ദൂരെയുള്ള—വിശുദ്ധദേശത്തിൽനിന്നു വളരെയേറെ ദൂരെയുള്ള, വിശുദ്ധനഗരത്തിൽനിന്നു വളരെയേയറെ ദൂരെയുള്ള, വിശുദ്ധ ആലയത്തിനും വിശുദ്ധമതത്തിനും വളരെയേറെ ദൂരെയുള്ള, വിശുദ്ധ വേദപുസ്തകത്തിൽനിന്നും, വിശുദ്ധജനത്തിൽനിന്നും, വിശുദ്ധ പുരോഹിതന്മാരിൽനിന്നും വളരെയേറെ ദൂരെയുള്ള മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടു. ഈ എല്ലാ വിശുദ്ധ കാര്യങ്ങളിൽനിന്നും വളരെയേറെ ദൂരെ, ഒരു ജാതീയ ദേശത്തിലുള്ള ചില ജാതീയ മനുഷ്യർക്ക് തിളങ്ങുന്ന നക്ഷത്രം പ്രത്യക്ഷമായി. ആ നക്ഷത്രത്തിന്റെ തിളക്കം യെഹൂദന്മാരുടെ രാജാവിനെ സംബന്ധിച്ച് ഈ ജാതീയ ജ്ഞാനികളായ മനുഷ്യരെ ഉത്തേജിപ്പിച്ചു. യെഹൂദന്മാരുടെ രാജാവിനെ സംബന്ധിച്ച് ഈ ജ്ഞാനികളായ മനുഷ്യർ എങ്ങനെ ഉത്തേജിക്കപ്പെട്ടുവെന്ന് എനിക്കറിയില്ല; അതിനെക്കുറിച്ച് ഊഹിക്കുവാനും ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ജ്ഞാനികളായ മനുഷ്യരെ സംബന്ധിച്ച് നിരവധി സങ്കല്പങ്ങൾ ഇപ്പോൾത്തന്നെ ഉണ്ട്. ഏതായാലും, അവർ പൂർവ്വദിക്കായ കിഴക്കുനിന്ന് വരുകയും, നക്ഷത്രം യെഹൂദന്മാരുടെ രാജാവിനെ സൂചിപ്പിച്ചുവെന്ന് മനസ്സിലാക്കുകയും ചെയ്തു.

ജ്ഞാനികൾക്ക് ജീവനുള്ള ദർശനമായ, സ്വർഗീയ നക്ഷത്രവും, യെഹൂദ മതവാദികൾക്ക് വേദപുസ്തകവും ഉണ്ടായിരുന്നു. ഏത് ഉണ്ടായിരിക്കുവാനാണ് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നത്—വേദപുസ്തകമോ അതോ നക്ഷത്രമോ? രണ്ടും ഉണ്ടായിരിക്കുന്നതാണ് ഏറ്റവും നല്ലത്. എന്റെ കയ്യിൽ വേദപുസ്തകം ഉണ്ടായിരിക്കുവാനും, ആകാശത്തിൽ നക്ഷത്രം കാണുവാനും ഞാൻ ഇഷ്ടപ്പെടുന്നു. ഒരു ജാതീയനും ഒരു യെഹൂദനും ആയിരിക്കുന്നതാണ് ഏറെ നല്ലത്. വേദപുസ്തകത്തോടുള്ള ബന്ധത്തിൽ ഞാൻ ഒരു യെഹൂദനും, നക്ഷത്രത്തോടുള്ള ബന്ധത്തിൽ ഞാൻ ഒരു ജാതീയ ജ്ഞാനിയായ മനുഷ്യനും ആണ്.

(2) അവരുടെ മാനുഷിക ധാരണയാൽ വ്യതിചലിക്കപ്പെടുന്നു .

ജ്ഞാനികൾ സ്വർഗീയ നക്ഷത്രത്തിന്റെ ദർശനം അനുഭവിച്ചതിനുശേഷം അവർ ക്ലേശത്തിലായി. ഈ ക്ലേശം അവരുടെ സ്വാഭാവിക ധാരണയിൽനിന്നു വന്നു. നമുക്ക് വേദപുസ്തകവും നക്ഷത്രവും ഉണ്ടെങ്കിലും, നമ്മുടെ സ്വാഭാവിക ധാരണയിൽനിന്നും ക്ലേശം വരാമെന്ന് നാം തിരിച്ചറിയണം. ജ്ഞാനികൾ ദർശനം കാണുകയും അത് യെഹൂദന്മാരുടെ രാജാവിനെ സൂചിപ്പിച്ചുവെന്ന് മനസ്സിലാക്കുകയും ചെയ്തിട്ട്, യെഹൂദന്മാരുടെ രാജാവ് ഉണ്ടായിരിക്കാമെന്ന് അവർ അനുമാനിച്ച സ്ഥലമായ യെഹൂദ രാഷ്ട്രത്തിന്റെ തലസ്ഥാനമായ യെരൂശലേമിലേക്കു പോകുവാൻ തുനിയുകയും ചെയ്തു (വാ.

1-2). യെരൂശലേമിലേക്കു പോകാനുള്ള അവരുടെ തീരുമാനം നക്ഷത്രത്തിന്റെ വെളിച്ചത്തിൽനിന്നും വന്നതല്ല. അവരുടെ സ്വാഭാവിക ധാരണയാൽ ശരിയായ പാതയിൽനിന്നും അവർ വ്യതിചലിച്ചുപോയതുകൊണ്ട് അവർ യെരൂശലേമിലേക്കു പോയി. യെരൂശലേം തെറ്റായ സ്ഥലമായിരുന്നു. അത് തലസ്ഥാനവും ആലയം സ്ഥിതിചെയ്തിരുന്ന സ്ഥലവും ആയിരുന്നെങ്കിലും, അത് യേശു ജനിച്ച സ്ഥലമല്ലായിരുന്നു. ജ്ഞാനികൾ തെറ്റായി നയിക്കപ്പെട്ടിരുന്നതുകൊണ്ട്, അവർ ഗുരുതരമായ പ്രശ്നത്തിന് ഇടവരുത്തുകയും, യേശു എന്ന ശിശു ഏറെക്കുറെ കൊല്ലപ്പെടുവാൻ ഇടയാക്കുകയും ചെയ്തു. ദൈവത്തിന്റെ സർവാധികാരം കൂടാതെയായിരുന്നുവെങ്കിൽ, പൈതലായ യേശു അവരുടെ അബദ്ധത്തിന്റെ ഫലമായി കൊല്ലപ്പെടുമായിരുന്നു. അവരുടെ പിശക് അനേകം കുഞ്ഞുങ്ങളുടെ ജീവനെടുത്തു (വാ. 16-18). സൂക്ഷിക്കുക: നിങ്ങൾക്ക് വേദപുസ്തകവും നക്ഷത്രവും ഉണ്ടായിരിക്കാം, എന്നാൽ നിങ്ങളുടെ സ്വാഭാവിക ധാരണയെ പിൻതുടരരുത്.

### (3) തിരുവെഴുത്തുകളാൽ തിരുത്തപ്പെടുന്നു

നിരവധി തവണ നിങ്ങൾക്ക് ദർശനം ഉണ്ട്, എന്നാൽ നിങ്ങളുടെ മനസ്സിൽ അതിനെ പരിഗണിക്കുമ്പോൾ നിങ്ങളുടെ സ്വാഭാവിക ധാരണയാൽ നിങ്ങൾ വ്യതിചലിക്കപ്പെടുകയും തെറ്റായി നയിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങളുടെ മാനുഷിക ധാരണ ശരിയായ പാതയിൽനിന്നും നിങ്ങളെ വ്യതിചലിപ്പിക്കുന്നു. ഇതുപോലെ നിങ്ങൾ വ്യതിചലിക്കപ്പെടുമ്പോഴെല്ലാം നിങ്ങൾക്ക് വേദപുസ്തകം ആവശ്യമാണ്. തെറ്റായ സ്ഥലത്ത് നിങ്ങൾ എത്തിയതിനുശേഷം, നിങ്ങൾക്ക് ശരിയായ പുസ്തകം ആവശ്യമാണ്. വിദ്വാന്മാർ യെരൂശലേമിലേക്കു പോയതിനുശേഷം, അവർ തിരുവെഴുത്തുകളാൽ തിരുത്തപ്പെട്ടു. ശരിയായ സ്ഥലം യെരൂശലേമല്ല, ബെത്ലഹേമാണെന്ന് തിരുവെഴുത്തുകളിൽ നിന്നും അവർ മനസ്സിലാക്കി (വാ. 4-6). അവരുടെ സ്വാഭാവിക ധാരണയാൽ അവർ വ്യതിചലിച്ചിരുന്നില്ലെങ്കിൽ, നിശ്ചയമായും നേരിട്ട് ബെത്ലഹേമിൽ യേശു ഉണ്ടായിരുന്ന സ്ഥലത്തേക്ക് നക്ഷത്രം അവരെ നയിക്കുമായിരുന്നു. എന്നാൽ അവർ വ്യതിചലിക്കപ്പെടുകയും വഴിതെറ്റിപ്പോകുകയും ചെയ്തു. അങ്ങനെ, വേദപുസ്തക പരിജ്ഞാനത്താൽ അവർ തിരുത്തപ്പെടണമായിരുന്നു. വിദ്വാന്മാർ തിരുവെഴുത്തുകളാൽ തിരുത്തപ്പെടുകയും, യെരൂശലേമിൽനിന്നു പുറപ്പെട്ടുപോകുകയും, ശരിയായ പാതയിലേക്ക് പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തപ്പോൾ നക്ഷത്രം വീണ്ടും പ്രത്യക്ഷമായി (വാ. 9). ജീവനുള്ള ദർശനം എല്ലായ്പ്പോഴും തിരുവെഴുത്തുകളോട് ചേർന്നുപോകുന്നു.

എങ്കിലും, യെരൂശലേമിലെ മതപരമായ ആളുകളിലാരും വിദ്വാന്മാരോടുകൂടെ ബെത്ലഹേമിലേക്കു പോയില്ല. ഇത് തികച്ചും വിചിത്രമാണ്. നിങ്ങൾ ആ പുരോഹിതന്മാരുടെ കൂട്ടത്തിലുള്ള ഒരു പുരോഹിതനനായിരുന്നെങ്കിൽ യേശു വാസ്തവമായും ബെത്ലഹേമിൽ ജനിച്ചുവോ എന്നു കാണുവാൻ വിദ്വാന്മാരുടെകൂടെ പോകുമായിരുന്നില്ലേ? ഞാൻ അവിടെ ഉണ്ടായിരുന്നെങ്കിൽ, ക്രിസ്തു വാസ്തവമായി ജനിച്ചുവോ ഇല്ലയോ എന്ന് സ്വയം കണ്ടെത്തുവാൻ നിശ്ചയമായും പോകുമായിരുന്നു. എന്നാൽ അവരാരും പോയില്ല. അവർക്ക് അറിവുണ്ടായിരിക്കുകയും, മിശിഹാ ബെത്ലഹേമിലാണ് ജനിക്കുന്നതെന്ന് ജനത്തോടു പറയുവാൻ കഴിയുകയും ചെയ്തിരുന്നു; എന്നിട്ടും അവരാരും തങ്ങൾക്കായിത്തന്നെ പോയില്ല. അവർ വേദപുസ്തകത്തിന്റെ അറിവിനുവേണ്ടി ഉള്ളവരായിരുന്നുവെങ്കിലും, അവർ മിശിഹാ എന്ന ജീവനുള്ള വ്യക്തിക്കുവേണ്ടി ഉള്ളവരായിരുന്നില്ല.

ഇന്നത്തെ സാഹചര്യം എങ്ങനെയാണ്? അനേകംപേരും വളരെ തിരുവെഴുത്തിൻപ്രകാരമാണ്, എന്നാൽ അവർ ജീവനുള്ള ക്രിസ്തുവിനുവേണ്ടിയല്ല, തിരുവെഴുത്തുകൾക്കുവേണ്ടി മാത്രമേ കരുതുന്നുള്ളൂ. യെഹൂദ മതവാദികൾ ക്രിസ്തുവിനു വേണ്ടി കരുതിയിരുന്നുവെങ്കിൽ, പുരാതന യാത്രാ രീതിയാൽപോലും യെരൂശലേമിൽനിന്ന് ഏറെ ദൂരത്തല്ലാതിരുന്ന ബെത്ലഹേമിലേക്ക് അവർ പോകുമായിരുന്നു. ബെത്ലഹേം വളരെ ദൂരെയല്ലായിരുന്നെങ്കിലും, ശാസ്ത്രിമാരോ, മൂപ്പന്മാരോ, പുരോഹിതന്മാരോ ആരും പോകുവാൻ കൂട്ടാക്കിയില്ല. ഇതു തെളിയിക്കുന്നത് ജീവനുള്ള ക്രിസ്തുവിനുവേണ്ടി ഒരു ഹൃദയം ഇല്ലാതെ വേദപുസ്തകത്തിന്റെ അറിവ് നിങ്ങൾക്കുണ്ടായിരിക്കുവാൻ കഴിയും എന്നാണ്. ദർശനം ഉണ്ടായിരിക്കുന്നത് ഒരു കാര്യവും, വേദപുസ്തക പരിജ്ഞാനം ഉണ്ടായിരിക്കുന്നത് മറ്റൊരു കാര്യവും, ജീവനുള്ള ക്രിസ്തുവിനുവേണ്ടി ഒരു ഹൃദയം ഉണ്ടായിരിക്കുന്നത് ഇനിയും വേറൊരു കാര്യവും ആണ്. നാം എല്ലാവരും പ്രാർഥിക്കണം, "കർത്താവേ, നിനക്കു വേണ്ടിയുള്ള ഒരു ഹൃദയം എനിക്കു തരേണമേ. ദർശനം കാണുവാനും വേദപുസ്തകം അറിയുവാനും ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അതിലുപരി, നിന്നെ അന്വേഷിക്കുന്ന ഒരു ഹൃദയം ഉണ്ടായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

### (4) ക്രിസ്തുവിനെ കണ്ടെത്തുവാനും ആരാധിക്കുവാനും നക്ഷത്രത്താൽ പിന്നെയും നയിക്കപ്പെടുന്നു

വിദ്വാന്മാർ പിന്നെയും നക്ഷത്രം കണ്ടതിനുശേഷം, നക്ഷത്രം അവരെ ക്രിസ്തു ഉണ്ടായിരുന്ന സ്ഥലത്തേക്ക് നയിച്ചു (വാ. 9-10). നക്ഷത്രം അവരെ ബെത്ലഹേം പട്ടണത്തിലേക്കു മാത്രമല്ല, യേശു ഉണ്ടായിരുന്ന കൃത്യസ്ഥലത്തേക്ക് അവരെ നയിച്ചു.

കർത്താവിനെ അറിയുവാൻ വേദപുസ്തകം ഉണ്ടായിരുന്നാൽ മാത്രം മതിയെന്ന് ക്രിസ്ത്യാനികൾ പലപ്പോഴും പറയാറുണ്ട്. ഒരർഥത്തിൽ, ഇതിനോട് ഞാൻ യോജിക്കുന്നു. എങ്കിലും, മറ്റൊരു അർഥത്തിൽ—ഞാൻ ഇത് ശ്രദ്ധിച്ചു പറയുന്നു—ഞാൻ പൂർണ്ണമായി യോജിക്കുന്നില്ല. നമുക്ക് വേദപുസ്തകം ഉണ്ടെങ്കിലും, നമുക്ക് ജീവനുള്ള ഒരു ദർശനം അപ്പോഴും ആവശ്യമാണ്. ക്രിസ്തു ബെത്ലഹേമിൽ ജനിക്കുമെന്ന് വേദപുസ്തകം പറയുന്നു, എന്നാൽ എവിടെ, ഏതു വീഥിയിൽ, അല്ലെങ്കിൽ ഏതു വീട്ടിൽ എന്ന് അതു പറയുന്നില്ല. ജീവനുള്ള നക്ഷത്രം ജ്ഞാനികളെ ബെത്ലഹേം പട്ടണത്തിലേക്കും, ശിശു ഉണ്ടായിരുന്ന അതേ വീഥിയിലേക്കും വീട്ടിലേക്കും നയിച്ചു. ആ സ്ഥലത്ത് നക്ഷത്രം നിന്നു (വാ. 9). വിദ്വാന്മാർ ഒരു വാതിലും മുട്ടേണ്ടിവന്നില്ല; യേശു എവിടെയാണെന്ന് അവർ അറിഞ്ഞിരുന്നു. ഇതു തെളിയിക്കുന്നത്, നമുക്കെല്ലാവർക്കും യേശു ഇരിക്കുന്ന സ്ഥലത്തേക്ക് നേരിട്ടു നമ്മെ നയിക്കുന്ന വ്യക്തമായ, തത്സമയ ദർശനം ആവശ്യമാകുന്നു എന്നാണ്.

വിദ്വാന്മാർ ക്രിസ്തുവിനെ കണ്ടെത്തിയെന്നു മാത്രമല്ല, അവർ അവനെ ആരാധിക്കുകയും ചെയ്തു (വാ. 11). യിസ്രായേല്യരുടെ ഇടയിൽ മറ്റുള്ളവരിൽനിന്നും ആരാധന സ്വീകരിക്കുവാൻ ആരെയും അനുവദിച്ചിരുന്നില്ല. അത് ദൈവത്തിന് ഒരു അപമാനമായി, അവനെതിരെയുള്ള ദൈവദൂഷണമായി കരുതപ്പെട്ടിരുന്നു. അവരെ സംബന്ധിച്ചിടത്തോളം, ദൈവം മാത്രമായിരുന്നു ജനത്തിന്റെ ആരാധനയ്ക്ക് യോഗ്യൻ. എന്നാൽ ജ്ഞാനികൾ ഒരു ശിശുവിനെ ആരാധിച്ചു, ആ ശിശു ദൈവമായിരുന്നു. യെശയ്യാവ് 9:6 പറയുന്നു, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു...അവന് വീരനാം ദൈവം എന്നു പേർ വിളിക്കപ്പെടും." വിദ്വാന്മാർ കണ്ടെത്തിയ ശിശു വീരനാം ദൈവം എന്നു വിളിക്കപ്പെട്ടു. ജ്ഞാനികൾ അവനെ ആരാധിക്കുകയും, അവർ അവന് പൊന്നും, കുന്തുരുക്കവും, മൂരും അർപ്പിക്കുകയും ചെയ്തു (വാ. 11).

പൊന്നിന്റെയും കുന്തുരുക്കത്തിന്റെയും മൂരിന്റെയും അർഥം നാം അറിയേണ്ടതാവശ്യമാണ്. വേദപുസ്തകത്തിന്റെ മുൻകുറിശാസ്ത്രത്തിൽ, പൊന്ന് ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു. യേശു എന്ന ശിശുവിന് ദിവ്യപ്രകൃതം ഉണ്ടായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. അവൻ ദിവ്യനായിരുന്നു. കുന്തുരുക്കം പുനരുത്ഥാനത്തിന്റെ വാസനയെ സൂചിപ്പിക്കുന്നു. നമ്മുടെ സ്വാഭാവികമായ മതപരമായ ചിന്തഗതിയനുസരിച്ച് യേശുവിന്റെ പുനരുത്ഥാനം അവന്റെ മരണത്തിനുശേഷം മാത്രമാണു വന്നത്. എന്നാൽ, അവൻ മരിക്കുന്നതിനുമുമ്പ്, താൻ പുനരുത്ഥാനവും ജീവനുമാണെന്ന് യേശു മറിയയോടും മാർത്തയോടും

പറഞ്ഞു (യോഹ. 11:25). അങ്ങനെ, അവൻ മരിക്കുന്നതിനു മുമ്പെ തന്നെ, പുനരുത്ഥാനമായിരുന്നു. ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ച ജീവിതം ഒരു പുനരുത്ഥാന ജീവിതമായിരുന്നു. അവന്റെ ബാല്യത്തിൽപോലും അവൻ ദൈവത്തോടും മനുഷ്യനോടും പ്രീതി കണ്ടെത്തിയെന്ന് ലൂക്കൊസ് 2:52 നമ്മോടു പറയുന്നു. അത് സ്വാഭാവികമായ ഒന്നായിരുന്നില്ല; അത് പുനരുത്ഥാന ജീവനായിരുന്നു. ലൂക്കൊസ് 2-ലെ രേഖ വെളിപ്പെടുത്തുന്നത് ഈ ശിശു ഒരു അസാധാരണ ശിശുവായിരുന്നു എന്നാണ്. അവൻ പുനരുത്ഥാനത്തിലുള്ള ശിശു ആയിരുന്നതുകൊണ്ട് അവൻ ഒരു നിസ്തുല ശിശുവായിരുന്നു. അവന്റെ മുഴുവൻ മനുഷ്യജീവനിലും ജീവിതത്തിലും പുനരുത്ഥാനത്തിന്റെ വാസനയും മാധുര്യവും ഉണ്ടായിരുന്നു. മരണത്തിന് അവനെ പിടിക്കുവാനോ അവനെ സ്പർശിക്കുവാനോ കഴിഞ്ഞില്ല. അവൻ ജീവൻ മാത്രമായിരുന്നില്ല—അവൻ പുനരുത്ഥാനവും ആയിരുന്നു.

മൂര് മരണത്തെയും മരണത്തിന്റെ വാസനയെയും സൂചിപ്പിക്കുന്നു. മനുഷ്യവർഗത്തിനിടയിൽ മരണത്തിന് വാസനയില്ല; എന്നാൽ യേശുവിൽ മരണത്തിന്റെ വാസന ഉണ്ടായിരുന്നു.

ജ്ഞാനികൾ പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവച്ചപ്പോൾ, അവർ അർപ്പിച്ചതിന്റെ അർഥം എന്താണെന്ന് അവർ അറിഞ്ഞിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. തീർച്ചയായും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻകീഴിൽ അവർ തങ്ങളുടെ സമ്മാനങ്ങൾ അർപ്പിച്ചു. യേശു എന്ന ശിശുവിന് ദിവ്യപ്രകൃതം ഉണ്ടായിരുന്നുവെന്നും, അവന്റെ ജീവൻ കുന്തുരക്കത്തിന്റെ വാസനകൊണ്ടു നിറഞ്ഞ ഒരു പുനരുത്ഥാന ജീവനായിരിക്കുമെന്നും, അവന്റെ ജീവൻ മരണത്തിന്റെ വാസനകൊണ്ട് നിറഞ്ഞതായിരിക്കുമെന്നും സൂചിപ്പിച്ചുകൊണ്ട് അവർ പൊന്നും, കുന്തുരുക്കവും, മൂരും കാഴ്ചവച്ചു.

യേശുവിന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ, അവൻ തന്റെ മാതാപിതാക്കളോടുകൂടെ യെരൂശലേമിലേക്കു പോയി (ലൂക്കൊ. 2.42). തന്റെ പിതാവിന്റെ ഭവനമായ ആലയത്തിൽ ജനം എന്തു ചെയ്യുകയായിരുന്നു എന്നു കാണുവാൻ അവൻ ഭാരപ്പെട്ടിരുന്നതുകൊണ്ട്, വിരുന്നിനുശേഷം അവൻ യെരൂശലേമിൽ തങ്ങി (ലൂക്കൊ. 2:43). മറിയയും യോസേഫും അവനെ മനസ്സിലാക്കിയില്ല. അവർ അവനുവേണ്ടി തിരയുകയും ഒടുവിൽ ആലയത്തിൽ കണ്ടെത്തുകയും ചെയ്തു (വാ. 44-48). ഒരർഥത്തിൽ മറിയ അവനെ ശാസിച്ചു. ഞാൻ യേശു ആയിരുന്നെങ്കിൽ, ഞാൻ അവളെ ശാസിക്കുമായിരുന്നു. തിരിഞ്ഞു പോരാടിക്കൊണ്ട് ഞാൻ പറയുമായിരുന്നു, "ഞാനിവിടെ എന്താണ് ചെയ്യുന്നതെന്ന് നിനക്കറിയില്ലേ? എന്തിന് എന്നെ ശല്യപ്പെടുത്തുവാൻ നീ

വരുന്നു?" ലൂക്കൊസിന്റെ വിവരണം നാം വായിക്കുന്നുവെങ്കിൽ യേശു അവരോട് ചിലതു പറഞ്ഞുവെന്ന് നാം കാണും. അവൻ പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിലായിരിക്കണം എന്ന് നിങ്ങൾക്ക് അറിയില്ലായിരുന്നോ?" (വാ. 49). അവൻ ഇതു പറഞ്ഞതിനുശേഷം, അവൻ അവരോടുകൂടെ പോകുകയും നസറത്തിലേക്ക് അവരോടുകൂടെ തിരിച്ചുപോകുകയും ചെയ്തു. അത് അവന് ഒരു യഥാർഥ കൊല്ലലായിരുന്നു. അവന്റെ ഉദ്ദേശ്യം കൊല്ലപ്പെടുകയും, ആ കൊല്ലലിൽ നമുക്ക് മൂര് മണക്കുവാൻ കഴിയുകയും ചെയ്യും. അത് കുന്തുരുക്കത്തിന്റെ വാസനയല്ലായിരുന്നു; അത് മൂരിന്റെ മാധുര്യമുള്ള സുഗന്ധമായിരുന്നു.

നാം നാലു സുവിശേഷങ്ങൾ, യേശുവിന്റെ ജീവചരിത്രങ്ങൾ, വായിക്കുന്നുവെങ്കിൽ, യേശുവിന്റെ ജീവിതത്തിൽ പൊന്നും, കുന്തുരുക്കവും, മൂരും വളരെ പ്രചാരത്തിലുള്ളതായിരുന്നു വെന്ന് നാം കാണും. അവൻ എപ്പോഴും പുനരുത്ഥാന ജീവിതം നയിക്കുകയും, അവൻ നിരന്തരം ക്രൂശിന്റെ കൊല്ലലിൻകീഴിൽ ആയിരിക്കുകയും ചെയ്തു. ക്രൂശിക്കപ്പെടുവാൻ അവൻ ക്രൂശിലേക്കു പോകുന്നതിനുമുമ്പ് മുപ്പത്തിമൂന്നര വർഷം കടന്നുപോകുവോളം അവൻ കാത്തിരുന്നില്ല. അവന്റെ മുഴുവൻ ജീവിതത്തിലും അവൻ തുടർമാനമായി ക്രൂശിൽ തറയ്ക്കപ്പെട്ടുകൊണ്ടിരുന്നു. അങ്ങനെ, അവന് പുനരുത്ഥാനത്തിന്റെ വാസന മാത്രമല്ല ഉണ്ടായിരുന്നത്, ക്രൂശിന്റെ മാധുര്യമുള്ള മൂരും ഉണ്ടായിരുന്നു.

ജ്ഞാനികൾ യേശു എന്ന രാജകീയ ശിശുവിനെ ബെത്ലഹേമിൽ കണ്ടെത്തി, അത് "യെഹൂദാ സഹസ്രങ്ങളിൽ ചെറുത്" ആണെന്ന് മീഖാ 5:2 പറയുന്നു. ഇങ്ങനെയുള്ള താണ പരിതസ്ഥിതിയിൽ ഒരു ചെറിയ പട്ടണത്തിലായിരുന്നു യേശു ജനിച്ചത്. എങ്കിലും, നക്ഷത്രത്തിലൂടെ ലഭിച്ച ദർശനം നിമിത്തം സ്ഥലത്തെക്കുറിച്ച് ശ്രദ്ധിക്കാതെ ജ്ഞാനികൾ തങ്ങളുടെ മുഴുവൻ ബഹുമാനവും രാജകീയ ശിശുവിനു നൽകി. അതുകൊണ്ട്, അവർ വിലയേറിയ മൂന്നു വസ്തുക്കൾ അവന് അർപ്പിച്ചു. അവ ഓരോന്നും കർത്താവായ യേശുവിന്റെ പ്രകൃതത്തിന്റെയും ജീവന്റെയും വിലയേറിയ ചില മൂലകങ്ങളെ സൂചിപ്പിക്കുന്നു. നാലു സുവിശേഷങ്ങളിലെ മിക്കവാറും എല്ലാ താളിലും കർത്താവിന്റെ മനുഷ്യത്വത്തിന്റെ അമൂല്യതയെയും, അവന്റെ പുനരുത്ഥാനജീവന്റെ വാസനയെയും, അവന്റെ ത്യാഗപൂർണമായ മരണത്തിന്റെ മധുര സുഗന്ധത്തെയും നാം കാണുന്നു. കർത്താവിന്റെ ജനനത്തിനുശേഷം അധികം വൈകാതെ ആദിമ നാളുകളിൽപോലും ജ്ഞാനികൾ ഇങ്ങനെയുള്ള സന്ദർഭോചിതമായ ഒരു കാര്യം ചെയ്തു. അത് കൃത്യമായും കർത്താവിന്റെ പ്രകൃതത്തിനും ജീവനും യോജിച്ചതായിരുന്നു.

അവരുടെ അർപ്പണം നിശ്ചയമായും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൻകീഴിൽ നൽകപ്പെട്ടതായിരുന്നു.

വിദ്വാന്മാരാൽ അർപ്പിക്കപ്പെട്ട ഈ വിലയേറിയ നിക്ഷേപങ്ങൾ യെഹൂദ്യയിൽനിന്ന് മിസ്രയീമിലേക്കും, മിസ്രയീമിൽനിന്ന് നസറത്തിലേക്കുമുള്ള കർത്താവിന്റെ യാത്രയ്ക്കുവേണ്ടി ഉപയോഗപ്പെട്ടിരിക്കാം. ജ്ഞാനികളുടെ ആരാധനയും അർപ്പണവും തീർച്ചയായും ചിലത് നിവർത്തിച്ചു.

### (5) മറ്റൊരു വഴിയിലൂടെ മടങ്ങിപ്പോകുവാൻ ദൈവത്താൽ മുന്നറിയിപ്പ് നൽകപ്പെടുന്നു

ജ്ഞാനികൾ ക്രിസ്തുവിനെ കണ്ടെത്തുകയും, അവനെ ആരാധിക്കുകയും, ഈ വിലയേറിയ നിക്ഷേപങ്ങൾ അർപ്പിക്കുകയും ചെയ്തശേഷം അവർ മറ്റൊരു വഴിയിലൂടെ മടങ്ങിപ്പോകുവാൻ ദൈവത്താൽ മുന്നറിയിപ്പ് നൽകപ്പെട്ടു (വാ. 12). ആദ്യത്തെ വഴിയല്ലാത്ത ഈ മറ്റൊരു വഴിയായിരുന്നു ശരിയായ വഴി. നാം ക്രിസ്തുവിനെ കണ്ടെത്തുകയും അവനെ സന്ധിക്കുകയും ചെയ്യുമ്പോഴെല്ലാം ആദ്യത്തെ വഴിയിലേക്ക് മടങ്ങിപ്പോകരുതെന്ന് എപ്പോഴും നമ്മോടു പറയുന്നു. ക്രിസ്തുവിനെ കണ്ടെത്തുന്നതും അവനെ സന്ധിക്കുന്നതും എല്ലായ്പോഴും മറ്റൊരു വഴിയിലേക്ക് നമ്മെ തിരിക്കുന്നു.

ഇന്നത്തെ സാഹചര്യവും ഇങ്ങനെതന്നെയാണ്. നമുക്ക് വേദപുസ്തകമുണ്ട്, ക്രിസ്തു വരുന്നു, എന്നാൽ നാം അവനെ എങ്ങനെ കണ്ടെത്തും? അടിസ്ഥാന തത്ത്വം വേദപുസ്തകത്തിലല്ല. വേദപുസ്തകം നമ്മെ സഹായിക്കുമെങ്കിലും, അടിസ്ഥാന തത്ത്വം ജീവനുള്ള നക്ഷത്രത്തോടുകൂടെ, സ്വർഗീയ ദർശനത്തോടകൂടെ ആണ്.

എങ്ങനെ നമുക്ക് ഈ നക്ഷത്രം ഉണ്ടായിരിക്കുവാൻ കഴിയും, എങ്ങനെ നമുക്ക് ഈ സ്വർഗീയ ദർശനം ഉണ്ടായിരിക്കുവാൻ കഴിയും എന്ന് നാം ഇനി കാണണം. ജീവനുള്ള നക്ഷത്രം ക്രിസ്തു ആണെന്ന് വേദപുസ്തകം നമ്മോടു പറയുന്നു. ക്രിസ്തു നക്ഷത്രമായിരിക്കുമെന്ന് പ്രവചിക്കപ്പെട്ടു (സംഖ്യ 24:17): അവൻ നക്ഷത്രമായി വന്നു (മത്താ. 2): അവൻ നക്ഷത്രമായി തുടരുന്നു (വെളി. 22:16). അവൻ തിളങ്ങിക്കൊണ്ടിരിക്കുന്നു. നക്ഷത്രമായി നമുക്കെങ്ങനെ ക്രിസ്തു ഉണ്ടായിരിക്കുവാൻ കഴിയും? 2 പത്രൊസ് 1:19 അനുസരിച്ച്, നക്ഷത്രം വേദപുസ്തകത്തോടു ബന്ധപ്പെട്ടിരിക്കുന്നു. "അധികം ഉറപ്പാക്കിയ പ്രവാചക വചനത്തിന്" നാം ശ്രദ്ധ നൽകണമെന്ന് പത്രൊസ് നമ്മോടു പറയുന്നു. നിശ്ചയമുള്ള വചനത്തിന് നാം ശ്രദ്ധ നൽകുന്നുവെങ്കിൽ, നമ്മുടെ ഉള്ളിൽ ചിലത് പുലരുകയും നമ്മുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യും. നിശ്ചയമുള്ള വചനത്തിന് ശ്രദ്ധ

നൽകുന്നത് ജീവനുള്ള വചനത്തിന് ശ്രദ്ധ നൽകുന്നതാണ്. ഇത് വചനം വായിക്കുന്നതു മാത്രമല്ല; നമ്മുടെ ഉള്ളിൽ ചിലത് ഉദിക്കുന്നതുവരെ വചനത്തിലേക്ക് പ്രവേശിക്കുന്നതാണ്. ഇതിനെ നമുക്ക് ഉദയമെന്നോ ഉദയനക്ഷത്രമെന്നോ വിളിക്കാം. 2 പത്രൊസ് 1:19-ൽ ഉദയനക്ഷത്രം വാസ്തവത്തിൽ പ്രഭാതനക്ഷത്രമാണ്. പ്രകാശം വഹിക്കുന്ന ഒരു വസ്തുവായ *ഫോസ്ഫറസ്* എന്നാണ് ഈ വാക്കിന്റെ യവനപദം. ഒരു കഷ്ണം ഫോസ്ഫറസിന് ഇരുട്ടിൽ പ്രകാശിക്കുവാൻ കഴിയും. ഇന്നത്തെ ഇരുട്ടിൽ പ്രകാശിക്കുന്ന യഥാർഥ ഫോസ്ഫറസ് ക്രിസ്തു ആണ്. എന്നാൽ, വചനത്തിന് നിങ്ങൾ ശ്രദ്ധ നൽകുന്നില്ലെങ്കിൽ അതിന് നിങ്ങളുടെമേൽ പ്രകാശിക്കുവാൻ കഴിയുകയില്ല. നിങ്ങളുടെ ഉള്ളിൽ ചിലത് പ്രകാശിക്കുവാൻ ആരംഭിക്കുന്നതുവരെ നിങ്ങൾ ശ്രദ്ധ നൽകണം. ആ പ്രകാശം നിങ്ങളുടെ ഹൃദയത്തിൽ ഫോസ്ഫറസായിത്തീരും. അപ്പോൾ നിങ്ങൾക്ക് ഉദയനക്ഷത്രം ഉണ്ടായിരിക്കും. നിങ്ങൾ ആ ജ്ഞാനികളെപ്പോലെ ആയിരിക്കുകയും സ്വർഗത്തിൽനിന്നുള്ള ചിലത് നിങ്ങളുടെമേൽ പ്രകാശിക്കുകയും ചെയ്യും.

Mon ക്രിസ്തു ആണ് നക്ഷത്രം. ക്രിസ്തുവിനെ പിന്തുടരുന്നവരും നക്ഷത്രങ്ങളാണെന്ന് വേദപുസ്തകം പറയുന്നു. ശരിയായ സഭാജീവിതത്തിൽ നേതൃത്വം എടുക്കുന്ന എല്ലാവരും നക്ഷത്രങ്ങളാണെന്ന് വെളിപ്പാട് 1:20 നമ്മോടു പറയുന്നു. അവർ പ്രകാശിക്കുന്നവരായതുകൊണ്ട് അവർ നക്ഷത്രങ്ങളാണ്. നീതിമാന്മാർ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുമെന്ന് ദാനീയേൽ 12:3 പറയുന്നു. മറ്റുള്ളവരെ നീതിയിലേക്കു തിരിക്കുന്നവർ, തെറ്റായ വഴിയിൽനിന്നും ശരിയായ വഴിയിലേക്കു തിരിക്കുന്നവർ, നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കും.

ഇന്ന് നക്ഷത്രം നിങ്ങളുടെമേൽ പ്രകാശിക്കുവാൻ രണ്ടു മാർഗങ്ങൾ മാത്രമേയുള്ളൂ. ഒന്നാമത്തെ മാർഗമനുസരിച്ച് നിങ്ങൾ നിശ്ചയമുള്ള വചനത്തിലേക്കു വരുകയും നിങ്ങളുടെ മുഴുവൻ ആളത്തത്തെയും—നിങ്ങളുടെ വായും, നിങ്ങളുടെ കണ്ണുകളും, നിങ്ങളുടെ മനസ്സും, നിങ്ങളുടെ ആത്മാവും, നങ്ങളുടെ ഹൃദയവും—നിങ്ങളിൽ ചിലത് ഉദിക്കുകയും നിങ്ങളുടെമേൽ പ്രകാശിക്കുകയും ചെയ്യുന്നതുവരെ തുറക്കുകയും വേണം. അത് ക്രിസ്തു ആണ്. രണ്ടാമത്തെ മാർഗം പ്രകാശിക്കുന്ന വിശുദ്ധന്മാരുടെ, ക്രിസ്തുവിനെ പിൻതുടരുന്നവരുടെ, അടുക്കൽ വരുക എന്നതാണ്. നിങ്ങൾ അവരുടെ അടുക്കൽ വരുന്നുവെങ്കിൽ, നിങ്ങൾക്ക് വെളിച്ചം ലഭിക്കും. നിങ്ങൾ ചില നടത്തിപ്പും സ്വീകരിക്കും, കാരണം അവർ ക്രിസ്തു ഇരിക്കുന്ന ഇടത്തേക്ക് നിങ്ങളെ നയിക്കും.

നക്ഷത്രം ഉണ്ടായിരിക്കാനുള്ള രണ്ടു വഴികളും ആത്മാവിനോടും സഭയോടും ബന്ധപ്പെടുത്തിയിരിക്കുന്നു. കർത്താവായ യേശു ഉദയനക്ഷത്രമാണെന്നു പറയുന്ന വെളിപ്പാട് 22:16-നുശേഷം

പെട്ടെന്ന് അടുത്ത വാക്യം പറയുന്നു, "ആത്മാവും മണവാട്ടിയും പറയുന്നു..." ഇതു തെളിയിക്കുന്നത്, ഉദയനക്ഷത്രമെന്ന നിലയിൽ കർത്താവായ യേശുവിനെ ആത്മാവിനോടും മണവാട്ടിയായ സഭയോടും ബന്ധപ്പെടുത്തിയിരിക്കുന്നു എന്നാണ്. കർത്താവായ യേശുവിന് ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉണ്ടെന്ന് വെളിപ്പാട് 3:1-ഉം, ഏഴു നക്ഷത്രങ്ങൾ സഭകളുടെ ദൂതന്മാരാണെന്ന് വെളിപ്പാട് 1:20-ഉം പറയുന്നു. ഈ വാക്യങ്ങൾ കാണിക്കുന്നത് നക്ഷത്രങ്ങളെ ആത്മാവിനോടു മാത്രമല്ല, സഭകളോടും ബന്ധപ്പെടുത്തിയിരിക്കുന്നു എന്നാണ്. ജീവനുള്ള നക്ഷത്രമോ ജീവനുള്ള നക്ഷത്രങ്ങളോ നമുക്ക് ഉണ്ടായിരിക്കണമെങ്കിൽ നമുക്ക് ആത്മാവും സഭയും ആവശ്യമാണ്. ആത്മാവിനാലും സഭയിലൂടെയും സ്വർഗീയ ദർശനം ഉണ്ടായിരിക്കുന്നത് എളുപ്പമായിരിക്കും. അങ്ങനെ നാം ക്രിസ്തുവിനെ കണ്ടെത്തുകയും നമ്മുടെ വിലമതിക്കൽ അവനു നൽകുകയും ചെയ്യും.

*b. മിസ്രയീമിലേക്ക് ഓടിപ്പോകുന്നു*

ക്രിസ്തുവിനെ കണ്ടെത്തിയത് ബെത്ലഹേമിലായിരുന്നു. ക്രിസ്തുവിന്റെ ഈ കണ്ടെത്തൽ ക്ലേശം ഉളവാക്കി. ഈ ശിശുവിനെ ബെത്ലഹേമിൽനിന്നും മിസ്രയീമിലേക്ക് കൊണ്ടുവരാൻ ഈ ക്ലേശത്തെ ദൈവം ഉപയോഗിച്ചു (മത്താ. 2:13-18). യേശുവിനെ മിസ്രയീമിൽനിന്നു വിളിച്ചുകൊണ്ടുവരുമെന്ന് ഹോശേയ 11:1 പ്രവചിച്ചു. ബെത്ലഹേമിൽ യേശുവിനെ കണ്ടെത്തിയശേഷം സംഭവിച്ച ക്ലേശത്തെ കൂടാതെ, മിസ്രയീമിലേക്ക് ഓടിപ്പോകുവാൻ അവന് യാതൊരു അവസരവും ഉണ്ടാകുമായിരുന്നില്ല.

ഇത് വളരെ അർഥവത്താണ്. ജ്ഞാനികൾ ഒരു വലിയ തെറ്റു ചെയ്തു, എന്നാൽ അവരുടെ തെറ്റ് തന്റെ പ്രവചനം നിറവേറ്റുവാൻ ദൈവത്തിന് അവസരം നൽകി. എന്നാൽ മനഃപൂർവമായി തെറ്റുകൾ വരുത്തരുത്. അത് പ്രയോജനം ചെയ്യുകയില്ല. നിങ്ങളാലാവോളം കാര്യങ്ങൾ ശരിയായി ചെയ്യുവാൻ ശ്രമിക്കുക. എന്നിരുന്നാലും, ശരിയായിരിക്കുവാൻ നിങ്ങൾ എത്ര കഠിനമായി ശ്രമിച്ചാലും, ഒടുവിൽ ജ്ഞാനികൾ ചെയ്തതുപോലെ ഒരു വലിയ തെറ്റ് നിങ്ങൾ ചെയ്യും. "നന്മ വരേണ്ടതിന് തിന്മ ചെയ്യുക" എന്ന് ഒരിക്കലും പറയരുത്. നിങ്ങൾ തിന്മ ചെയ്യുന്നുവെങ്കിൽ നന്മ വരുകയില്ല. എന്നാൽ നിങ്ങൾ ശരിയായിരിക്കുവാൻ ശ്രമിക്കുകയും, എന്നിട്ടും ഒരു തെറ്റു വരുത്തുകയും ചെയ്യുന്നുവെങ്കിൽ, ആ തെറ്റ് തന്റെ ഉദ്ദേശ്യം നിറവേറ്റുവാൻ ദൈവത്തിന് ഒരു അവസരം നൽകും.

യോസേഫ് മറിയയോടും യേശുവിനോടുംകൂടെ മിസ്രയീമിലേക്ക് ഓടിപ്പോയതുകൊണ്ട് ജ്ഞാനികളാലുള്ള തെറ്റിനാൽ ഉളവാക്കപ്പെട്ട രക്തസാക്ഷിത്വം എന്ന ഒന്നാമത്തെ രക്തസാക്ഷിത്വത്തെ

യേശു എന്ന ശിശു ഒഴിഞ്ഞുപോയി. രക്ഷസാക്ഷിത്വത്തിനുള്ള അവസരത്തിനായി കാത്തിരുന്നുകൊണ്ട് സാത്താൻ എപ്പോഴും തിരക്കുള്ളവനാണ്. എന്നാൽ തന്റെ പ്രിയപ്പെട്ടവരെ ശത്രുവിന്റെ കൗശലത്തിൽനിന്ന് സംരക്ഷിക്കുവാൻ ദൈവം എല്ലാറ്റിനുംമീതെ, സാത്താനുംമീതെ സർവാധികാരിയാണ്. ദൈവത്തിന്റെ സർവാധികാരത്താൽ യേശു എന്ന ശിശു സൂക്ഷിക്കപ്പെട്ടു.

*c. നസറെത്തിൽ വളർത്തപ്പെടുന്നു*

ഈ ഘട്ടത്തിൽ ഞാൻ ഒരു ചെറിയ ചരിത്രം അവതരിപ്പിക്കേണ്ടത് ആവശ്യമാണ്. സംഭവം നിങ്ങൾക്കറിയാമെങ്കിലും, നിങ്ങൾക്ക് കൂടുതൽ വെളിച്ചം ആവശ്യമായിരിക്കാം. മറിയ ഗർഭംധരിച്ചത് നസറെത്തിൽ വച്ചായിരുന്നു (ലൂക്കൊ. 1:26-27, 31). എന്നാൽ മീഖാ 5:2-ലെ പ്രവചനമനുസരിച്ച് ക്രിസ്തു ബെത്ലഹേമിൽ ജനിക്കണമായിരുന്നു. ദൈവത്തിന്റെ സർവാധികാരപരമായ ക്രമീകരണത്തിൻകീഴിൽ, റോമാസാമ്രാജ്യത്തിന്റെ ഒന്നാമത്തെ ജനസംഖ്യാ കണക്കെടുക്കുവാൻ ഔഗുസ്തൊസ് കൈസർ ആജ്ഞ പുറപ്പെടുവിച്ചു (ലൂക്കൊ. 2:1-7). ഇത് സകല ജനത്തെയും തങ്ങളുടെ സ്വന്തം സ്ഥലങ്ങളിലേക്ക് തിരികെപ്പോകുവാൻ നിർബന്ധിച്ചു. മറിയയും യോസേഫും അവരുടെ സ്വന്തസ്ഥലമായ ബെത്ലഹേമിലേക്കു തിരികെപ്പോകുവാൻ നിർബന്ധിതരായി. അവർ ബെത്ലഹേമിൽ എത്തിച്ചേർന്ന ഉടനെ യേശു എന്ന ശിശു ജനിച്ചു. ഒരു രാജകീയ ശിശു ജനിച്ചിരിക്കുന്നു എന്നു കേട്ടിട്ട് കോപം ജ്വലിച്ചവനായ ഹെരോദാ രാജാവിന്റെ വെറുപ്പിനെയും അസൂയയെയും വിദ്വാന്മാരുടെ തെറ്റ് ഉത്തേജിപ്പിച്ചു. പിന്നീട് ശിശുവിനെ മിസ്രയീമിലേക്കു കൊണ്ടുപോകുവാൻ യോസേഫിന് ഒരു സ്വപ്നത്തിൽ മാർഗ്ഗനിർദ്ദേശം ലഭിച്ചു (മത്താ. 2:13-15). ഇത് ഹോശേയ 11:1-ലെ പ്രവചനം നിറവേറ്റുവാൻ ദൈവത്തെ പ്രാപ്തനാക്കി. ഹെരോദാവ് മരിച്ചതിനുശേഷം, വിശുദ്ധ ദേശത്തിലേക്ക് മടങ്ങിപ്പോകുവാൻ മറ്റൊരു സ്വപ്നത്തിൽ യോസേഫിന് വചനം ലഭിച്ചു (വാ. 19-20). യോസേഫ് മടങ്ങിവരുകയും, ഹെരോദാവിന്റെ മകൻ അർക്കെലയൊസ് വാഴുന്നു എന്നു കേട്ടിട്ട് ബെത്ലഹേമിനു ചുറ്റുമുള്ള ഭൂപ്രദേശത്ത് പാർക്കുവാൻ അവൻ ഭയക്കുകയും ചെയ്തു. അതുകൊണ്ട് യേശു വളർന്നുവന്ന നസറെത്തിലേക്കു പോയി (വാ. 21-22). ഇക്കാരണത്താലായിരുന്നു യേശുവിനെ നസറായനായ യേശു എന്നു വിളിച്ചിരുന്നത്.

ഇതെല്ലാം എന്താണ് അർഥമാക്കുന്നത്? യേശു മനുഷ്യവർഗത്തിലേക്ക് ജനിച്ചപ്പോൾ, അവൻ ഏറെക്കുറെ മറഞ്ഞിരിക്കുന്ന ഒരു രീതിയിൽ, പരസ്യമായോ തെളിവായോ അല്ലാത്ത ഒരു രീതിയിൽ, പ്രത്യക്ഷനായി എന്നാണ് ഇത് അർഥമാക്കുന്നത്. ഇതിനെ

വിശദമാക്കുവാൻ ഞാൻ ചിലപ്പോൾ "പതുങ്ങിനടക്കുക" എന്ന പദംപോലും ഉപയോഗിച്ചിട്ടുണ്ട്. അവൻ നസറെത്തിൽ നിന്നുള്ള വനായതുകൊണ്ട് നസറായനായ യേശു എന്നു വിളിക്കപ്പെട്ടു. എന്നാൽ ക്രിസ്തു ബെത്ലഹേമിൽ ജനിക്കുമെന്ന് വേദപുസ്തകം പറഞ്ഞു. ക്രിസ്തുവിന്റെ ജനനത്തിന്റെ മറഞ്ഞിരിക്കുന്ന വഴി മതപരമായ സകല ആളുകളെയും വിഷമിപ്പിച്ചു. ഫിലിപ്പൊസ് യേശുവിനെ കണ്ടുമുട്ടിയപ്പോൾ യേശു മിശിഹാ ആണെന്ന് അവൻ തിരിച്ചറിഞ്ഞു. പിന്നീട് ഫിലിപ്പൊസ് നഥനയേലിന്റെ അടുക്കൽ പോകുകയും അവൻ മിശിഹായെ കണ്ടുമുട്ടിയെന്നും, അവൻ നസറെത്തുകാരനായ യോസേഫിന്റെ മകനാണെന്നും അവനോടു പറഞ്ഞു. ഉടനെ നഥനയേൽ പറഞ്ഞു, "നസറെത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?" (യോഹ. 1:45-46). ഫിലിപ്പൊസ് തെറ്റായ വിവരമായിരുന്നോ നഥനയേലിനു കൊടുത്തത്? അതു പറയുവാൻ പ്രയാസമാണ്. യേശു യോസേഫിന്റെ മകനാണെന്നും അവൻ ഒരു നസറായനാണെന്നും മാത്രമേ ഫിലിപ്പൊസ് അറിഞ്ഞിരുന്നുള്ളൂ. യേശു നസറെത്തിൽനിന്നു ള്ളവനും നസറായനും ആയിരുന്നെങ്കിലും അവൻ നസറെത്തിലല്ല, ബെത്ലഹേമിലാണ് ജനിച്ചിരുന്നത്. നഥനയേൽ കുഴപ്പത്തിലായി. എങ്കിലും, ഫിലിപ്പൊസ് അവനോട് തർക്കിച്ചില്ല; "വന്നു കാണുക" എന്നു പറഞ്ഞതേയുള്ളൂ (യോഹ. 1:46).

മറ്റൊരു അവസരത്തിൽ യേശുവിനെ അറിയുവാൻ വന്ന നിക്കോദേമൊസ് യേശുവിനെ സംബന്ധിച്ച് പരീശന്മാരോട് തർക്കിക്കുവാൻ ശ്രമിച്ചു. "നീയും ഗലീലയിൽ നിന്നാകുന്നുവോ?" എന്ന് പരീശന്മാർ അവനോടു ചോദിച്ചു (യോഹ. 7:52). ഗലീല ഒരു ജാതീയ മേഖലയായിരുന്നു, "ജാതികളുടെ ഗലീല" എന്ന് വേദപുസ്തകം പറയുകയും ചെയ്യുന്നു (മത്താ. 4:15). പരീശന്മാർ നിക്കോദേമൊസിനോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നീയും ഗലീലയിൽനിന്നുള്ളവനാണോ? യേശു ഗലീലയിൽനിന്നു വന്നു എന്ന് ഞങ്ങൾ അറിയുന്നു. എന്നാൽ ഗലീലയിൽനിന്ന് ഒരു പ്രവാചകനും വരുന്നില്ല." പ്രത്യക്ഷത്തിൽ, യേശു നസറെത്തിൽ നിന്നുള്ള ഗലീലയിൽ നിന്നുള്ളവനായിരുന്നു: എന്നാൽ വാസ്തവത്തിൽ, അവൻ ബെത്ലഹേമിൽ ജനിച്ചവനായിരുന്നു. അതായിരുന്നു ജനത്തിനു പ്രത്യക്ഷപ്പെടുന്നതിലുള്ള അവന്റെ ഏറെക്കുറെ മറഞ്ഞിരുന്നതും രഹസ്യത്തിലുള്ളതുമായ രീതി.

തത്ത്വം ഇന്നും ഇതുപോലെ തന്നെയാണ്. കൂടാരത്തിന്റെ മുൻകുറിയിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. കൂടാരം നീർനായയുടെ പരുക്കനായ, കട്ടിയുള്ള തൊലികൊണ്ട് മൂടിയിരുന്നു; പുറമെ, അത് വളരെ ആകർഷണീയമായല്ല കാണപ്പെട്ടിരുന്നത്. എന്നാൽ ഉള്ളിൽ, നേരിയ ചണനൂലും, പൊന്നും, വിലയേറിയ കല്ലുകളുമായിരുന്നു. സഭയുടെ ആത്മിക

തത്ത്വം ഇതുപോലെയാണ്. പുറമെനിന്ന് സഭയെ നോക്കരുത്. നിങ്ങൾ സഭയ്ക്കുള്ളിലേക്കു വരണം. അപ്പൊസ്തലനായ പൗലൊസ് നിങ്ങളെ സന്ദർശിക്കുവാൻ വന്നിരുന്നെങ്കിൽ നിങ്ങൾ ആശ്ചര്യപ്പെടുമായിരുന്നു എന്ന് എനിക്കുറപ്പുണ്ട്. "താങ്കൾ സഹോദരൻ പൗലൊസാണോ? അപ്പൊസ്തലനായ പൗലൊസ് പ്രകാശിക്കുന്ന ഒരു ദൂതനെപ്പോലെ ആയിരിക്കുമെന്നാണ് ഞാൻ ചിന്തിച്ചിരുന്നത്. എന്നാൽ താങ്കൾ എന്താണ്? താങ്കൾ, കാഴ്ചയിൽ അഴകില്ലാത്ത ഒരു ചെറിയ മനുഷ്യനാണല്ലോ" എന്നു നിങ്ങൾ പറയും.

നാം ഒരിക്കലും നമ്മെത്തന്നെ പ്രദർശിപ്പിക്കരുത്; പുറമെയുള്ള കാഴ്ചക്കനുസരിച്ച് മറ്റുള്ളവരെ അറിയുകയുമരുത്. ആന്തരിക ആത്മാവിനെ അനുസരിച്ച് നാം അവരെ അറിയണം. പ്രത്യക്ഷത്തിൽ, യേശു ഒരു നസറായനായിരുന്നുവെങ്കിലും അവന്റെ ഉള്ളിൽ പൊന്നും, കുന്തുരുക്കവും, മൂരുമായിരുന്നു. അവന്റെ ഉള്ളിൽ ദൈവതേജസ്സ് ഉണ്ടായിരുന്നു. പുറമെയുള്ള കാഴ്ചയാൽ നാം ക്രിസ്തുവിനെയോ മറ്റേതെങ്കിലും മനുഷ്യനെയോ അറിയരുതെന്ന് 2 കൊരിന്ത്യർ 5:16 പറയുന്നു. മറിച്ച്, നാം ക്രിസ്തുവിന്റെ ആന്തരിക യാഥാർത്ഥ്യത്തെ വിവേചിച്ചറിയണം.

ഈ തത്ത്വം നാം ഇന്ന് പാലിക്കണം. ക്രിസ്തുവിനെ കണ്ടെത്തുന്നതിന് നമുക്ക് പ്രകാശിക്കുന്ന നക്ഷത്രം ഉണ്ടായിരിക്കണം. പുറമെയുള്ള കാഴ്ചപ്രകാരം നാം പോകാതെ ഉള്ളിലുള്ളതിനനുസരിച്ചു പോകണം. നിങ്ങൾക്ക് സഭയെയോ വിശുദ്ധന്മാരെയോ അറിയണമെങ്കിൽ പുറമെയുള്ള കാഴ്ചയാൽ അസ്വസ്ഥരാകരുത്. വലിയ ദൈവാലയം, വലിയ സഭാ കെട്ടിടങ്ങൾ, വലിയ സംഗീതോപകരണം എന്നീ പുറമെയുള്ള കാര്യങ്ങൾക്ക് യാതൊരു മൂല്യവും കൊടുക്കരുത്. അവയെയെല്ലാം മറക്കുക. പുറമെ വിശിഷ്ടമായ യതൊന്നും യേശുവിന് ഉണ്ടായിരുന്നില്ല. അവൻ ഒരു ചെറിയ നസറായനും, "ജാതികളുടെ ഗലീല" എന്നു വിളിക്കപ്പെട്ടിരുന്ന ഒരു പ്രവിശ്യയിൽ വളർന്നവനും, "നസറെത്തിൽനിന്നും വല്ല നന്മയും വരുമോ?" എന്നു ചോദിക്കത്തക്കവണ്ണം ജനത്താൽ നിന്ദിക്കപ്പെട്ട ഒരു സ്ഥലത്ത് വളർന്നവനും ആയിരുന്നു. എന്നാൽ നിങ്ങൾ "വന്നു കാണുകയും" അവനിലേക്കു പ്രവേശിക്കുകയും ചെയ്യുമെങ്കിൽ, നിങ്ങൾ അവനെ വിലമതിക്കുകയും അവനാൽ പിടിക്കപ്പെടുകയും ചെയ്യും. അതുപോലെ, നിങ്ങൾ സഭയിലേക്കു വരുകയും കുറച്ചു സമയം സഭയിൽ തങ്ങുകയും വേണം. നിങ്ങൾ അങ്ങനെ ചെയ്യുമെങ്കിൽ, വിലയേറിയ ചിലത് നിങ്ങൾ കണ്ടെത്തും. അന്വേഷിക്കുന്ന വിശുദ്ധന്മാരുടെ കാര്യത്തിലും അങ്ങനെതന്നെയാണ്. അവർ എത്രയധികം കർത്താവിനെ അന്വേഷിക്കുന്നുവോ, അത്രയധികം ആത്മിക കാര്യങ്ങളിലുള്ള തങ്ങളുടെ അനുഭവങ്ങളെ അവർ മറച്ചു വയ്ക്കുന്നു. നിങ്ങൾ അവരുടെ അടുക്കലേക്കു പോകുകയും

അവരോടുകൂടെ തങ്ങുകയും വേണം. അപ്പോൾ നിങ്ങൾ അവരിലേക്കു കടക്കുകയും അവരുടെ ഉള്ളിലുള്ള സമ്പന്നത കണ്ടെത്തുകയും ചെയ്യും. നിങ്ങൾ കുന്തുരുക്കവും, മൂരും, വിലയേറിയ മറ്റനേകം നിക്ഷേപങ്ങളും കാണും. അപ്പോൾ നിങ്ങൾ ആകർഷിക്കപ്പെടുകയും പിടിക്കപ്പെടുകയും ചെയ്യും. ഇതാണ് ക്രിസ്തുവിനെ കണ്ടെത്തുവാനും, അവനായിരിക്കുന്ന സകലത്തെയും, അവന്റെ വിലയേറിയ കാര്യങ്ങളായ പൊന്നും കുന്തുരുക്കവും, മൂരും വിലമതിക്കുവാനുമുള്ള വഴി.

മത്തായി 2:23 പറയുന്നു, "അവൻ നസറായൻ എന്നു വിളിക്കപ്പെടും." നസറായൻ എന്ന ഈ പദത്തെ സംഖ്യ 6:2-ലെ "നാസീർ" എന്ന് ചിലർ ഊഹിച്ചു. മറ്റു ചിലർ ഊഹിച്ചത് ഇത് യെശയ്യാവ് 11:1-ലെ കൊമ്പിനുള്ള *നെറ്റ്സർ* എന്ന എബ്രായപദത്തെ പരാമർശിക്കുന്നു എന്നാണ്. നാം അത്രത്തോളം ഊഹിക്കേണ്ടതുണ്ടെന്ന് ഞാൻ ചിന്തിക്കുന്നില്ല. കാഴ്ചയിൽ യേശു ഒരു നസറായനായിരുന്നു എന്നു നമുക്കറിയാം. ഇത് പ്രവാചകന്മാരാൽ സംസാരിക്കപ്പെട്ടിരുന്നതാണ്.